ദേശീയപാത ബൈപ്പാസ് കീഴാറ്റൂർ വഴി തന്നെയെന്ന് അറിയിപ്പ്

വയൽക്കിളികൾ ചതിക്കപ്പെട്ടെന്ന്, അടുത്ത 10 ദിവസം നിർണ്ണായകം

തളിപ്പറമ്പ: കേരളമാകെ ശ്രദ്ധിച്ച കീഴാറ്റൂർ വയൽക്കിളി സമരം വഴിത്തിരിവിൽ. മെയ് 31നകം കീഴാറ്റൂരിലൂടെ ബൈപ്പാസ് നിർമ്മിക്കുന്നതിനാവശ്യമായ അന്തിമ വിജ്ഞാപനം ഇറക്കുമെന്ന ജില്ലാ കലക്ടറുടെ പ്രസ്താവനയാണ് വയൽക്കിളികളിൽ കടുത്ത ആശയക്കുഴപ്പം സൃഷ്ടിച്ചത്. അലൈൻമെന്റ് മാറ്റുമെന്ന് ബി.ജെ.പി സംസ്ഥാന നേതൃത്വം വയൽക്കിളികൾക്ക് ഉറപ്പ് നൽകിയതാണ്. ഇതനുസരിച്ചാണ് കീഴാറ്റൂരിലേക്ക് കുമ്മനമടക്കമുള്ള നേതാക്കളെ ക്ഷണിച്ചതും അവരുടെ പരിപാടിയിൽ വയൽക്കിളികൾ പങ്കെടുത്തതും. ഇപ്പോഴും ബി.ജെ.പി നേതൃത്വം വയൽക്കിളികൾക്ക് അലൈൻമെന്റ് മാറുമെന്ന ഉറപ്പ് ആവർത്തിക്കുന്നുണ്ട്. അതേ സമയം മെയ് 31നകം ഇത് നടപ്പിലാക്കിയില്ലെങ്കിൽ പിന്നീട് എല്ലാം വ്യത്യാസമാകുമെന്നതാണ് വയൽക്കിളികളിൽ ഒരു വിഭാഗത്തെ നിരാശയിലാക്കുന്നത്. അതിനിടെ ഐക്യദാർഢ്യസമിതിയറിയാതെ സുരേഷ് കീഴാറ്റൂർ സി.പി.എം ജില്ലാ കമ്മിറ്റി ഓഫീസിലെത്തി പി. ജയരാജനുമായി ചർച്ച നടത്തിയതും കീഴാറ്റൂരിലടക്കം വലിയ ചർച്ചയായിട്ടുണ്ട്. ഈ കാര്യം സമിതിയെ അറിയിച്ചിട്ടില്ല. മുംബൈയിൽ നിന്നും വന്ന ഒരാൾ ഉൾപ്പെടെ മറ്റ് നാലുപേരോടൊപ്പമാണ് സുരേഷ് കീഴാറ്റൂർ ജയരാജനെ കാണാൻ പോയത്. ലോംഗ് മാർച്ച് മാറ്റിവെക്കാൻ ഈ ചർച്ചയിലാണ് ധാരണയിലായതെന്നാണ് ഒരു വിഭാഗം ആരോപിക്കുന്നത്.

അതേസമയം നഗരത്തിലൂടെ മേൽപ്പാലം പണിയാനുള്ള നീക്കം അട്ടിമറിച്ചത് തളിപ്പറമ്പിലെ റിയൽ എസ്റ്റേറ്റ് വ്യാപാരികളാണെന്ന സൂചന പുറത്ത് വന്നു. പൂക്കോത്ത്തെരു വഴിയുള്ള ബൈപ്പാസ് നിർമ്മാണം മാറിയപ്പോൾ നഗരത്തിലൂടെ റോഡ് പണിയാൻ നീക്കം നടന്നിരുന്നു. ഇത് എൻ.എച്ച്.എ.ഐയിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് കോടികൾ നൽകിയാണ് അന്നത്തെ റിയൽ എസ്റ്റേറ്റ് ഉടമകൾ അട്ടിമറിച്ചത്. തളിപ്പറമ്പ സ്വദേശിയും ചെന്നൈയിലെ വ്യാപാരിയുമായ ആൾ മുഖേനയാണ് അന്ന് അട്ടിമറിച്ചത്. ഇതേ ആൾ വഴി വീണ്ടും കോടികൾ കൈമാറിയതായാണ് വിവരം. ഇതോടെയാണ് എൻ.എച്ച്.എ.ഐ കീഴാറ്റൂർ വഴി തന്നെ ബൈപ്പാസ് വേണമെന്ന ഉറച്ച നിലപാട് എടുത്തത്. ഈ കാര്യം പഠനത്തിനെത്തിയ പരിസ്ഥിതി സംഘം പറയാതെ പറയുകയും ചെയ്തിരുന്നു. രണ്ടാഴ്ചക്കുള്ളിൽ കീഴാറ്റൂർ ബൈപ്പാസ് നിർമ്മാണത്തിന് സ്റ്റോപ്പ് മെമ്മോ വന്നില്ലെങ്കിൽ ഇതുവരെ നടത്തിയ സമരം പാഴാകും. കേരളത്തിൽ അലൈൻമെന്റുകൾ മാറുമ്പോൾ ഒന്നും ഒരു പഠനവും നടന്നിട്ടില്ലെന്നിരിക്കെ കീഴാറ്റൂരിൽ മാത്രം എന്തിനാണ് ഇത്തരം പഠനമെന്നാണ് വയൽക്കിളികളിൽ ചിലർ ചോദിക്കുന്നത്.

അതിനിടെ ലോംഗ് മാർച്ച് നടക്കുകയാണെങ്കിൽ പങ്കെടുക്കില്ലെന്ന് സി.പി.എം പുറത്താക്കിയ 11 പാർട്ടി മെമ്പർമാർ നേതൃത്വത്തെ അറിയിച്ചതായാണ് വിവരം. സമരത്തോടൊപ്പം ഉണ്ടാകുമെങ്കിലും ലോംഗ് മാർച്ചിൽ പങ്കെടുക്കില്ലെന്നാണ് ഇവർ സി.പി.എം നേതൃത്വത്തെ അറിയിച്ചത്. ജയരാജനെ നേരിട്ടാണ് ഇവർ ഈകാര്യം അറിയിച്ചത്.

ലോവർ ചീക്കാട് ആദിവാസി കോളനിയിലെ പള്ളത്ത് സുകുവിന്റെ വീട്ടുമുറ്റത്ത് പതിഞ്ഞ കടുവയുടെ കാൽപ്പാടുകൾ.

നായയെ പിടിച്ച് കൊണ്ടുപോയി
ചീക്കാട് ആദിവാസി കോളനിയിൽ വീണ്ടും കടുവ ആക്രമണം

ആലക്കോട്: കേരള-കർണ്ണാടക അതിർത്തിയിലെ ആദിവാസി പുനരധിവാസ മേഖലയായ ലോവർ ചീക്കാട് കോളനിയിൽ കടുവയുടെ ആക്രമണം. ഇന്നലെ രാത്രിയിലാണ് സംഭവം. കോളനിയിലെ പള്ളത്ത് സുകുവിന്റെ വട്ടിലെ വളർത്ത് നായയെ കടുവ പിടിച്ച് കൊണ്ടുപോയി. സമീപത്തെ മറ്റ് ചില വീടുകളിലെ വളർത്ത് മൃഗങ്ങൾക്ക് നേരെയും ആക്രമണം നടന്നു. സുകുവിന്റെ വീട്ടുമുറ്റത്ത് കടുവയുടെ കാൽപ്പാടുകൾ പതിഞ്ഞിട്ടുണ്ട്. നേരത്തെയും ചീക്കാട് കോളനിയിൽ കടുവയുടെ ആക്രമണമുണ്ടായിട്ടുണ്ട്. കർണ്ണാടക വനത്തിൽ നിന്നെത്തുന്ന കടുവ ഉൾപ്പെടെയുള്ള വന്യ മൃഗങ്ങളുടെ ആക്രമണം ആദിവാസികളെ ഏറെ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. കടുവയുടെ ആക്രമണം ഇനിയുമുണ്ടാകുമെന്ന ഭീതിയിൽ ഭയന്ന് വിറച്ചാണ് ആദിവാസികൾ ഇവിടെ കഴിയുന്നത്.

ലഹരി മരുന്നുകളുമായി പുതിയങ്ങാടി സ്വദേശി പിടിയിൽ

പഴയങ്ങാടി: പുതിയങ്ങാടിയിൽ മയക്കുമരുന്നുമായി യുവാവിനെ എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. പുതിയങ്ങാടിയിലെ സൗദാബി മൻസിലിൽ കെ. പി. മുസ്തക്കിം (21)നെയാണ് എക്സൈസ് ജോയിന്റ് കമ്മീഷണറുടെ സ്പെഷൽ സ്കാഡ് പിടികൂടിയത്. എം.ഡി.എം.എ എന്ന ലഹരി മരുന്നും ഹാഷിഷും ഇയാളിൽ നിന്ന് പിടിച്ചെടുത്തിട്ടുണ്ട്. കെ.എൽ 13 എ ജി 2939 ഇന്നോവ കാറിൽ ആവശ്യക്കാർക്ക് നൽകാനായി കടത്തിക്കൊണ്ടുപോകുന്നതിനിടെ ബീച്ച് റോഡിൽ വച്ച് എക്സൈസ് സ്കാഡ് വാഹനം തടഞ്ഞ് പരിശോധിക്കുകയായിരുന്നു. തീരദേശങ്ങളായ മാട്ടൂൽ, മാടായി മേഖലകളിലെ യുവാക്കൾക്ക് ലഹരിമരുന്ന് എത്തിച്ചു കൊടുക്കുന്നയാളാണത്രെ മുസ്തക്കിം. ദിവസങ്ങളോളം നടത്തിയ നിരീക്ഷണത്തിനൊടുവിലാണ് എക്സൈസ് സംഘത്തിന് ഇയാളെ പിടികൂടാനായത്. ഇൻസ്പെക്ടർ എം.ദിലീപ്, പ്രിവന്റീവ് ഓഫീസർ വി.കെ.വിനോദ്, സിവിൽ എക്സൈസ് ഓഫീസർമാരായ പി.പി.രജിരാഗ്, സി.എച്ച്.റിഷാദ്, ഡ്രൈവർ കെ. ബിനീഷ് എന്നിവരടങ്ങിയ സംഘമാണ് ഇയാളെ പിടികൂടിയത്.

ചരമം

ഏലിക്കുട്ടി

ആലക്കോട്: വായാട്ടുപറമ്പിലെ ആദ്യകാല കുടിയേറ്റ കർഷകൻ കുളംകുത്തിയിൽ തോമസിന്റെ ഭാര്യ ഏലിക്കുട്ടി (86) നിര്യാതയായി. ചെങ്ങളം പന്തപ്ലാക്കൽ കുടുംബാംഗമാണ്. മക്കൾ: ലീലാമ്മ അഗസ്റ്റിൻ (റിട്ട. അധ്യാപിക, നടുവിൽ എച്ച്.എസ്.എസ്), ശാന്തമ്മ, ലിസി, ജയിംസ്, ജോസ്, സാബു, ടോമി. മരുമക്കൾ: അഗസ്റ്റിൻ (റിട്ട. അധ്യാപകൻ, നടുവിൽ എച്ച്.എസ്.എസ്), കെ.ജി. ജോസഫ്, എം.സി. ജേക്കബ് (റിട്ട. അധ്യാപകൻ, മേരിഗിരി എച്ച്.എസ്.എസ്), ലീലാമ്മ, ലാലി, ലിസി, ജെസി.

സൈനബ

കരുവഞ്ചാൽ: കണിയഞ്ചാൽ ഗവ. ഹയർസെക്കണ്ടറി സ്കൂൾ റിട്ട. അധ്യാപിക സൈനബ ടീച്ചർ (76) നിര്യാതയായി. ഭർത്താവ്: എൻ.ഇബ്രാഹിം മാസ്റ്റർ (റിട്ട. മുഖ്യാധ്യാപകൻ തടിക്കടവ് യു.പി സ്കൂൾ), മക്കൾ: ബാബുജാൻ (പുതിയതെരു), ജമീർജാൻ (എഞ്ചിനീയർ, കെ.എഫ്.ഇ.ബി സബ്സ്റ്റേഷൻ, തളിപ്പറമ്പ). മരുമക്കൾ: ബിനു (എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, തളിപ്പറമ്പ), ജാമിയ ബീഗം (വനിതാ ജയിൽ, കണ്ണൂർ).

ഇരിട്ടി സ്വദേശി ആലുവയിൽ പുഴയിൽ മുങ്ങിമരിച്ചു

ആലുവ: സുഹൃത്തുക്കൾക്കൊപ്പം പുഴയിൽ കുളിക്കാനിറങ്ങിയ ഇരിട്ടി സ്വദേശിയായ യുവാവ് ആലുവയിൽ പുഴയിൽ മുങ്ങിമരിച്ചു. ഇരിട്ടി വെളിമാനത്തെ ജോൺസൺ-ജെസി ദമ്പതികളുടെ മകൻ റോയ് സി.ജോൺ (20) ആണ് മരിച്ചത്. ഇന്ന് രാവിലെ ആറരയോടെ പെരിയാറിന്റെ കൈവഴിയായ കുഞ്ഞുണ്ണിക്കര മാഞ്ഞേമ്മൽ കടവിലായിരുന്നു അപകടം. ഒരാഴ്ചയായി ആലുവ മാർക്കറ്റിലെ ഒരു പല ചരക്ക് കടയിൽ ജോലി നോക്കുകയായിരുന്നു റോയ്. രണ്ട് സുഹൃത്തുക്കൾക്കൊപ്പം കടവിൽ കുളിക്കാനിറങ്ങിയതായിരുന്നു. സഹോദരങ്ങൾ: റോജസ്, റോഷസ്.

മലയോരത്ത് ഇടിമിന്നലിൽ വ്യാപക നാശം; നിരവധി വീടുകൾ തകർന്നു, യുവാവിന് പരിക്ക്

ആലക്കോട്; മലയോരത്ത് ഇന്നലെ വൈകുന്നേരം കനത്ത മഴക്കൊപ്പമെത്തിയ ഇടിമിന്നൽ വ്യാപക നാശം വിതച്ചു. നിരവധി വീടുകൾ തകരുകയും യുവാവ് ഉൾപ്പെടെ പലർക്കും പരിക്കേൽക്കുകയും ചെയ്തു. ഭാഗ്യം കൊണ്ടാണ് വൻ ദുരന്തമൊഴിവായത്. ആലക്കോട് പഞ്ചായത്ത് മുൻ പ്രസിഡണ്ട് നെല്ലിപ്പാറയിലെ കൊയിലേരിയൻ സീത ഗോപാലന്റെ വീടിന് ഇടിമിന്നലേറ്റ് കനത്ത നാശം നഷ്ടം നേരിട്ടു. വീട്ടിലെ മുഴുവൻ ഇലക്ട്രോണിക്സ് ഉപകരണങ്ങളും കത്തി നശിച്ചു. വീടിന്റെ ഭിത്തി തകർന്നു. വയറിംഗും നശിച്ചു. ഇന്നലെ രാത്രി ഏഴരയോടെയായിരുന്നു സംഭവം. സീത ഗോപാലൻ, മകൾ സവിത, മകന്റെ ഭാര്യ റീജ ബിനു, കൊച്ചു മക്കളായ അഭയ് കൃഷ്ണ, അയന ബിനു എന്നിവർ ഈ സമയം വീട്ടിലുണ്ടായിരുന്നു. ഇവർ അത്ഭുതകരമായാണ് മിന്നലിൽ നിന്ന് രക്ഷപ്പെട്ടത്. സമീപത്തെ കൊയിലേരിയൻ രാജേഷിന്റെ വീടിനും നാശനഷ്ടം നേരിട്ടു. രയരോം ബിംബുംകാട് റോഡിന് സമീപത്തെ തെക്കേമല ജിമ്മിയുടെ വീടിനും നാശം നേരിട്ടു. ആലക്കോട് നിരയൻപാറയിലെ കള്ളിക്കാട്ട് സരോജിനിയുടെ വീടിന് ഇടിമിന്നലേറ്റ് കനത്ത നാശനഷ്ടം സംഭവിച്ചു. വീട്ടിലെ വയറിംഗും മുഴുവൻ ഇലക്ട്രോണിക്സ് ഉപകരണങ്ങളും തുണി ഉൾപ്പെടെയുള്ളവയും കത്തി നശിച്ചു. മകൾ ഷീജയുടെ ഭർത്താവ് വിനോദ്(44)ന് സാരമായി പരിക്കേറ്റു. ഇടിമിന്നലിന്റെ ആഘാതത്തിൽ തെറിച്ച് വീണാണ് വിനോദിന് പരിക്കേറ്റത്. സരോജിനിയുടെ പറമ്പിലെ മരം ഇടിമിന്നലേറ്റ് ചിന്നിച്ചിതറി, തുടർന്ന് ഇവിടെ നിന്നാണ് മിന്നൽ വീട്ടിലേക്ക് പ്രവഹിച്ചത്. വൻ നാശനഷ്ടമാണ് ഈ നിർധന കുടുംബത്തിന് നേരിട്ടത്. മലയോരത്തിന്റെ പല ഭാഗത്തും വൈദ്യുതി വിതരണവും നിലച്ചു. അതിശക്തമായ കാറ്റും മഴയുമാണ് രാത്രി മുഴുവൻ അനുഭവപ്പെട്ടത്. കാപ്പിമല മഞ്ഞപ്പുല്ലിലെ വള്ളിയാംതടത്തിൽ ജോസഫിന്റെ നേന്ത്രവാഴത്തോട്ടം നശിച്ചു. 350 ഓളം കുലച്ച വാഴകളാണ് നിലംപൊത്തിയത്.

മലയോരത്ത് നേരിയ ഭൂചലനം

ആലക്കോട്: മലയോരത്ത് ശക്തമായ ഭൂചലനം അനുഭവപ്പെട്ടത് ജനങ്ങളെ ഭീതിയിലാഴ്ത്തി. ഇന്ന് പുലർച്ചെയാണ് സംഭവം. ശക്തമായ മുഴക്കത്തോടു കൂടിയാണ് കുലുക്കം അനുഭവപ്പെട്ടത്. ആലക്കോട്, രയരോം, തേർത്തല്ലി, പരപ്പ, കാർത്തികപുരം, തിരുമേനി, ചെറുപുഴ മേഖലകളിൽ ഭൂമികുലുക്കം അനുഭവപ്പെട്ടു. അതിശക്തമായ ശബ്ദം കേട്ട് ഉറങ്ങിക്കിടക്കുകയായിരുന്ന ആളുകൾ ഞെട്ടി എഴുന്നേറ്റപ്പോഴാണ് ഭൂമികുലുക്കം സംഭവിച്ചതായി അറിയുന്നത്. പല വീടുകളിലും അടുക്കളകളിലെ അലമാരകളിൽ സൂക്ഷിച്ചിരുന്ന പാത്രങ്ങളും മറ്റും താഴെ വീണു. ചില മേഖലകളിൽ രണ്ട് തവണയാണ് ശക്തമായ കുലുക്കം അനുഭവപ്പെട്ടത്. ഭൂമി കുലുക്കവുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2910
പവന് :23280

പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ചെറിയമ്പുവിനെ മുതലപ്പാറ വൃദ്ധമന്ദിരത്തിലേക്ക് ഇന്ന് മാറ്റും

തളിപ്പറമ്പ: മക്കളും ബന്ധുക്കളും സംരക്ഷിക്കാത്തതിനെ തുടർന്ന് തനിച്ച് താമസിക്കേണ്ടിവന്ന പുളിമ്പറമ്പിലെ ചെറിയമ്പു(75)വിനെ മുതലപ്പാറ സെന്റ് ജോസഫ് വൃദ്ധമന്ദിരത്തിലേക്ക് മാറ്റാൻ തീരുമാനമായി. കൗൺസിലർ കുഞ്ഞിരാമന്റെ നേതൃത്വത്തിൽ നാട്ടുകാർ നടത്തിയ ശ്രമമാണ് ഇതോടെ ഫലം കണ്ടത്. കണ്ണൂരിൽ ലോട്ടറി കച്ചവടം നടത്തുന്ന മകൻ ചിലവുകൾ വഹിക്കാമെന്നേറ്റിട്ടുണ്ട്. ഇന്ന് വൈകുന്നേരത്തോടെ വൃദ്ധമന്ദിരത്തിലേക്ക് മാറ്റും.

സംരക്ഷിക്കാനാളില്ലാതെ തനിച്ച് ജീവിക്കുന്ന അമ്പുവിന്റെ അവസ്ഥ വിവരിച്ച് 'മക്തബ്' പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ട പുളിമ്പറമ്പിലെ യുവാക്കളുടെ കൂട്ടായ്മയായ മെമ്മറീസ് ക്ലബ് അംഗങ്ങൾ കഴിഞ്ഞ ദിവസം ചെറിയമ്പുവിനെ കുളിപ്പിക്കുകയും വീടും പരിസരവും ശുചീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് മകനുമായി കൗൺസിലറുടെ നേതൃത്വത്തിൽ നാട്ടുകാർ നടത്തിയ ചർച്ചയിൽ അമ്പുവിനെ വൃദ്ധ മന്ദിരത്തിലേക്ക് മാറ്റാൻ തീരുമാനിക്കുകയായിരുന്നു.

ഇരിട്ടി സ്വദേശി ആലുവയിൽ പുഴയിൽ മുങ്ങിമരിച്ചു

ആലുവ: സുഹൃത്തുക്കൾക്കൊപ്പം പുഴയിൽ കുളിക്കാനിറങ്ങിയ ഇരിട്ടി സ്വദേശിയായ യുവാവ് ആലുവയിൽ പുഴയിൽ മുങ്ങിമരിച്ചു. ഇരിട്ടി വെളിമാനത്തെ ജോൺസൺ-ജെസി ദമ്പതികളുടെ മകൻ റോയ് സി.ജോൺ (20) ആണ് മരിച്ചത്. ഇന്ന് രാവിലെ ആറരയോടെ പെരിയാറിന്റെ കൈവഴിയായ കുഞ്ഞുണ്ണിക്കര മാഞ്ഞേമ്മൽ കടവിലായിരുന്നു അപകടം. ഒരാഴ്ചയായി ആലുവ മാർക്കറ്റിലെ ഒരു പല ചരക്ക് കടയിൽ ജോലി നോക്കുകയായിരുന്നു റോയ്. രണ്ട് സുഹൃത്തുക്കൾക്കൊപ്പം കടവിൽ കുളിക്കാനിറങ്ങിയതായിരുന്നു. സഹോദരങ്ങൾ: റോജസ്, റോഷസ്.

തന്നെ ബലിയാടാക്കിയത് ഉത്തർപ്രദേശ് സർക്കാരിന്റെ വീഴ്ച മറച്ചുവെക്കാൻ: ഡോ. കഫീൽഖാൻ

കണ്ണൂർ: ഗോരഖ്പൂർ ആശുപത്രിയിൽ കുട്ടികളുടെ ജീവൻ രക്ഷിക്കാൻ സ്വന്തം പണം മുടക്കി സിലിണ്ടറുകൾ വാങ്ങിച്ച തന്നെ ബലിയാടാക്കി ജയിലിലടച്ചത് ഉത്തർപ്രദേശ് സർക്കാരിന്റെ വീഴ്ച മറച്ചുവെക്കാനാണെന്ന് ഡോ. കഫീൽഖാൻ. ഗോരഖ്പൂർ ആശുപത്രിയിൽ ഓക്സിജൻ ലഭിക്കാതെ കുട്ടികൾ മരിച്ച സംഭവത്തിൽ അറസ്റ്റ് ചെയ്ത് ജയിലിലടച്ച് ജാമ്യത്തിലിറങ്ങിയ അദ്ദേഹത്തിന് സോളിഡാരിറ്റി നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു.

ആശുപത്രിയുടെ മേധാവിയായിരുന്നില്ല ഞാൻ. ജൂനിയർ ഡോക്ടർ മാത്രമാണ്. എന്നിട്ടും കുട്ടികളുടെ ജീവൻ രക്ഷിക്കാൻ സ്വന്തം നിലക്ക് തന്നെ പരിശ്രമിച്ചു. ആശുപത്രിയിൽ സന്ദർശനത്തിന് എത്തിയ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് തന്നോട് ചോദിച്ചത് ഹീറോയിസം കളിക്കുകയാണല്ലേ എന്നാണ്. ഞാനെന്റെ കടമയാണ് നിർവഹിച്ചത്. ആദിത്യനാഥ് പറഞ്ഞത് താൻ മുഖ്യമന്ത്രിയായിട്ട് ആറ് മാസമേ ആയിട്ടുള്ളുവെന്നാണ്. എന്നാൽ അതിന് മുമ്പ് എത്രയോ വർഷം അവിടത്തെ എം.പിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സ്വന്തം മണ്ഡലമാണ് ഗോരഖ്പൂർ. എന്നിട്ടും ഗോരഖ്പൂർ ആശുപത്രിയുടെ നില അതി ദയനീയമായിരുന്നു. അതിന്റെ വീഴ്ച മറച്ചുവെക്കാൻ ഒരു ബലിയാടിനെ ആവശ്യമുണ്ടായിരുന്നു അദ്ദേഹത്തിന്.

ജയിലിൽ കഴിഞ്ഞ ഒമ്പത് മാസം ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലായിരുന്നു. കൊടുംകുറ്റവാളികളായ 150 പേർക്കൊപ്പമാണ് തന്നെ പാർപ്പിച്ചത്. ഡോ. കഫീൽഖാൻ പറഞ്ഞു.

സോളിഡാരിറ്റി സംസ്ഥാന പ്രസിഡണ്ട് പി.എം. സാലിഹ് അധ്യക്ഷത വഹിച്ചു. യുനൈറ്റഡ് എഗിൻസ്റ്റ് ഹെയ്റ്റ് പ്രതിനിധി നദീംഖാൻ ഉദ്ഘാടനം ചെയ്തു. ടി. മുഹമ്മദ് വേളം, വി.കെ. ഹംസ അബ്ബാസ്, വി.എൻ. ഹാരിസ്, ഡോ. സുരേന്ദ്രനാഥ്, കെ. സുനിൽകുമാർ പ്രസംഗിച്ചു. ഉമർ ആലത്തൂർ സ്വാഗതവും കെ.കെ. ഫിറോസ് നന്ദിയും പറഞ്ഞു.

AL MAQAR
HIGHER SECONDARY SCHOOL(scole)
Darul aman, Nadukani, Taliparamba
9188 697 851, 9947 687 333
+1 കോമേഴ്സ് ഹ്യുമാനിറ്റീസ് Arts College
DEGREE B.Com
(KANNUR UNIVERSITY DISTANCE EDUCATION)
ബാച്ചുകളിലേക്ക് അഡ്മിഷൻ
• ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക കാമ്പസ്
• ഇസ്ലാമിക് സ്റ്റഡീസ്
• ഹോസ്റ്റൽ, വെഹിക്കിൾ ഫെസിലിറ്റീസ്
• എൻഡ്രൻസ് ഫൗണ്ടേഷൻ കോച്ചിംഗ്

പ്രൊജക്ട് റിപ്പോർട്ട് & ബാങ്ക് ലോൺ സേവനം
ഈട് ആവശ്യമുള്ളതും ഇല്ലാത്തതുമായ എല്ലാ ലോണുകൾക്കും ആവശ്യമായ പ്രൊജക്ട് റിപ്പോർട്ടിനും, ഗൈഡൻസിനും, പുതിയതും പഴയതുമായ എല്ലാ വാഹനങ്ങൾ വാങ്ങുവാനുമുള്ള ലോണുകൾക്കും, എൻ. ആർ. ഐ, ഗവൺമെന്റ് സ്റ്റാഫ്, പ്രൈവറ്റ് ജോലിക്കാർ എന്നിവർക്കു വേണ്ട പേഴ്സണൽ ലോണുകളും ചെയ്തുകൊടുക്കുന്നു.
D Solution
Thaliparamba, 9847731749

നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്
Govt. of NCT അംഗീകൃത NTTC കോഴ്സ് ചെയ്യുന്നവർക്ക് CTTC കോഴ്സ് സൗജന്യമായി ലഭിക്കുന്നു.
കോഴ്സ് ഫീ Rs. 7000 മാത്രം
MGCOLLEGE
New Bazar Road, Taliparamba
9746997838

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 169 RNI Reg.No.KER MAL/2007/22043